<u>സൈബർ ക്രൈം പോലീസ് സ്റ്റേഷൻ ഇടുക്കി</u>




തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നീ സിറ്റികളിലൊഴികെ സംസ്ഥാനത്തെ 15 പോലീസ് ജില്ലകളിലായി പുതിയതായി അനുവധിച്ച സൈബർ ക്രൈം പോലീസ് സ്റ്റേഷനുകളുടെ ഔദ്യോഗിക ഉദ്ഘാടനം ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ അവർകൾ 2020 നവംബർ 01 -ന് വീഡിയോ കോൺഫറൻസിങ്ങിലൂടെ നിർവഹിച്ചു. ഇടുക്കിയിലെ സൈബർ ക്രൈം പോലീസ് സ്റ്റേഷനും ചടങ്ങിൽ ഉൾപ്പെടുന്നു. ഇതോടെ സംസ്ഥാനത്തെ 19 പോലീസ് ജില്ലകളിലും സൈബർ ക്രൈം പോലീസ് സ്റ്റേഷനുകൾ നിലവിൽ വന്നു.




ബഹു.വൈദ്യുതി വകുപ്പ് മന്ത്രി ശ്രീ. എം എം മണി അവർകൾ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ ജനപ്രതിനിധികൾ, സംസ്ഥാന പോലീസ് മേധാവി ശ്രീ. ലോക്നാഥ് ബഹ്റ ഐ.പി.എസ് അവർകൾ, എ.ഡി.ജി.പി ശ്രീ. ഷേക്ക് ദർവേഷ് സാഹേബ് ഐ.പി.എസ്, ഐ.ജി.പി ശ്രീമതി. ഹർഷിത അട്ടല്ലൂരി ഐ.പി.എസ്, ഡി.ഐ.ജി ശ്രീ. കാളിരാജ് മഹേഷ്കുമാർ ഐ.പി.എസ്, ജില്ലാ

പോലീസ് മേധാവി ശ്രീ. ആർ കറുപ്പസാമി ഐ.പി.എസ് ഉൾപ്പെടെയുള്ള ഉന്നത പോലീസ് ഉദ്യോഗസ്ഥർ, മറ്റ് പോലീസ് ഉദ്യോഗസ്ഥർ ഉൾപ്പെടെയുള്ളവർ ചടങ്ങിൽ സന്നിഹിതരായി.






പോലീസ് സ്റ്റേഷന്റെ പ്രവർത്തന ആരംഭം ജില്ലാ പോലീസ് മേധാവി ശ്രീ. ആർ കറുപ്പസാമി ഐ.പി.എസ് ഉം, സ്റ്റേഷൻ ഹൗസ് ഓഫീസർ പോലീസ് ഇൻസ്പെക്ടർ ശ്രീ.പ്രേം കുമാർ. കെ -യും ചേർന്ന് നിർവ്വഹിക്കുന്നു. ഇടുക്കി സ്പെഷ്യൽ ബ്രാഞ്ച് ഡി.വൈ.എസ്.പി ശ്രീ. പയസ്സ് ജോർജ്ജ് സന്നിഹിതനായിരുന്നു.

****************************************************